9.30 AM]

## II ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ .....നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പാലോട് രവി എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. ഇ. ചന്ദ്രശേഖരനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ നിർദ്ദേശിക്കുകയും ശ്രീ. മാത്യു ടി. തോമസ് പിന്താങ്ങുകയും, ശ്രീ. എ. കെ. ശശീന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ. വി. എസ്. സുനിൽ കുമാർ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. ഇ. ചന്ദ്രശേഖരനു വേണ്ടിയുള്ള പത്രികകൾ. ശ്രീ. പാലോട് രവിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശിക്കുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പിന്താങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. എ. എ. അസീസ് പിന്താങ്ങുകയും ശ്രീ. കെ. പി. മോഹനൻ നിർദ്ദേശിക്കുകയും ശ്രീ. അനൂപ് ജേക്കബ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. പാലോട് രവിക്കുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. ഇ. ചന്ദ്രശേഖരന്റെ പേര് ആദ്യത്തേതായും ശ്രീ. പാലോട് രവിയുടെ പേര് രണ്ടാമതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഒരു ഗ്രണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗ്രണനചിഹ്നമല്ലാതെ മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തുകയോ അംഗങ്ങളുടെ ഒപ്പ് ബാലറ്റ് പേപ്പറിൽ ഇടുകയോ ചെയ്താൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. വോട്ട് രേഖപ്പെടുത്തുന്നതിന് പേന ഇവിടെ വച്ചിട്ടുള്ളതും ആ പേനതന്നെ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾക്ക് പോൾ അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. വോട്ടെടുപ്പ് പൂർത്തിയായതിനുശേഷം ഓരോ സ്ഥാനാർത്ഥിയുടേയും പ്രതിനിധിയായി

LIBRARY ARCHIVES Kerala Legislative Assembly

ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. മാധ്യമങ്ങൾക്ക് അംഗങ്ങൾ കയറിവരുന്ന ഫോട്ടോയും വോട്ട് രേഖപ്പെടുത്തിയ ശേഷം ബാലറ്റ് പേപ്പർ പെട്ടിയിൽ ഇടുന്ന ഫോട്ടോയും എടുക്കാവുന്നതാണ്. എന്നാൽ വോട്ട് രേഖപ്പെടുത്തുന്നത് ഒരു കാരണവശാലും സൂം ചെയ്ത് ഫോട്ടോ എടുക്കാൻ പാടില്ലാത്തതും അത് ശിക്ഷാർഹമാണെന്നും അറിയിക്കുന്നു. വോട്ടെടുപ്പ് ആരംഭിക്കാം.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പാലോട് രവി എന്നിവരും നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസും സ്പീക്കർ ശ്രീ. എൻ. ശക്തനും വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.)

<u>മി. സ്പീക്കർ:</u> വോട്ടെടുപ്പ് പൂർത്തിയായിരിക്കുന്നു. വോട്ടെണ്ണൽ ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. തോമസ് ഉണ്ണിയാടൻ എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടത്തി.)

<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ..... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. ഇ. ചന്ദ്രശേഖരന് 65 വോട്ടും ശ്രീ. പാലോട് രവിക്ക് 74 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. പാലോട് രവിയെ നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

ഓർഡർ.....ഓർഡർ.....ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പാലോട് രവിക്ക് ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു. മൂന്ന് നിയമസഭകളിൽ അംഗമായിട്ടുള്ള അനുഭവസമ്പത്ത് ശ്രീ. പാലോട് രവിക്കുണ്ട്. ഈ നിയമസഭയിൽ തന്നെ മൂന്ന് തവണ ചെയർമാന്മാരുടെ പാനലിൽ അംഗമായിരുന്ന് സഭ നിയന്ത്രിക്കുവാനും അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഈ അനുഭവസമ്പത്ത് അദ്ദേഹത്തിന് പുതിയ സ്ഥാനം ഭംഗിയായി കൈകാര്യം ചെയ്യാൻ കരുത്തേകുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പ്രത്യാശിക്കുന്നു. ഈ സഭയിലെ മുതിർന്ന അംഗവും നിരവധി മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനം നടത്തിയിട്ടുള്ള പരിണതപ്രജ്ഞനായ ശ്രീ. പാലോട് രവിക്ക് എല്ലാ ആശംസകളും നേരാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയെ അദ്ദേഹത്തിന്റെ സ്ഥാനം ഏറ്റെടുക്കുന്നതിനായി ക്ഷണിക്കുന്നു.

(ശ്രീ. പാലോട് രവി കക്ഷിനേതാക്കന്മാരേയും ബഹുമാനപ്പെട്ട സ്പീക്കറേയും വന്ദിച്ചശേഷം ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയെ ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്നതിന് ചെയറിലേയ്ക്ക് ക്ഷണിക്കുന്നു.

10.00 AM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III അടിയന്തരപ്രമേയം

### വിഴിഞ്ഞം പുനരധിവാസ പാക്കേജ്

മി. ഡെപ്യൂട്ടി സ്പീക്കർ: നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2015 ഡിസംബർ 5-ാം തീയതി നടക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തുറമുഖ പദ്ധതിയുടെ നിർമ്മാണം കാരണം ഭവനരഹിതരും ഭൂരഹിതരും തൊഴിൽ രഹിതരുമായി മാറുന്ന തദ്ദേശവാസികൾക്കും തൊഴിലാളികൾക്കും നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും അവ്യക്തതയും അനിശ്ചിതത്വവും നിലനിൽക്കുന്നതുമൂലം തദ്ദേശവാസികളിൽനിന്നുയർന്നു വന്നിട്ടുള്ള പ്രതിഷേധം കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ജമീലാ പ്രകാശം, സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽകുമാർ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വകുപ്പുമന്ത്രി ഉണ്ട്, അദ്ദേഹം മറുപടി പറയും. അതിനുശേഷം എന്തുവേണമെങ്കിലും നിങ്ങൾക്ക് എന്നോട് ചോദിക്കാം. ഞാൻ ഇടപെടാം. വകുപ്പുമന്ത്രിയുള്ളപ്പോൾ വേറൊരു മന്ത്രി മറുപടി പറയുന്നതിനോട് യോജിപ്പില്ല. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly